(സി) കർഷകരിൽനിന്നും അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല

(ഡി) ഇ.എഫ്.എൽ. ആക്ടിലെ സെക്ഷൻ 4, 8, 15 എന്നിവയിൽ പ്രഖ്യാപിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇ.എഫ്.എൽ. ഭൂമി ഏറ്റെടുക്കുന്നത്.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

275(3787) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾക്കാണ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിട്ടുള്ളത്; ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ അനുമതിക്കായാണ് കത്ത് നൽകിയിട്ടുള്ളത്; കത്ത് നൽകിയവയ്ക്ക് എത്ര മറുപടിയാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; ഇവയുടെ തുടർനടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിൽ കുടിവെള്ളം എത്തിക്കുന്ന കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി വൈകാനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത അനുമതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ ;

(സി) പമ്പയിൽ അയ്യപ്പ ഭക്തർക്കായി നിർമ്മിക്കുന്ന ടോയ്ലറ്റ് ബ്ലോക്കിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഭൂമി വിട്ടുനൽകണമെന്നാണ് ദേവസ്വം ബോർഡ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; എന്തൊക്കെ നടപടികളാണ് ഭൂമി വിട്ടുലഭിക്കാൻ വേണ്ടതെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ട് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത പ്രദേശത്തിനുപുറത്ത് പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായ റിസർവ് വനത്തിനുള്ളിലുള്ള പ്രവർത്തനങ്ങൾക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുമതി ആവശ്യമായിട്ടുള്ളത്. നിലവിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡ്. ആഗസ്റ്റ് 2014-ലെ യോഗത്തിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിന് പകരം മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതി 28-10-2015-ൽ നൽകിയ നിർദ്ദേശത്തിൽ അപേക്ഷ വീണ്ടും പരിഗണിക്കാൻ ദേശീയ വന്യജീവി ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്, വനം വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14.05.2013-ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 2-9-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-8-2014, 13-8-2014 എന്നീ തീയതികളിലെ 31-ാമത്തെ യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനു പകരം, മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളേക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യം എന്ന് പഠനത്തിൽ മനസ്സിലാക്കുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ടഡ് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

(ഡി) നിലവിൽ ശബരിമലയിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് 0.655 ഹെക്ടർ സ്ഥലം ഡൈവേർട്ട് ചെയ്യുവാനുള്ള നിർദ്ദേശമാണുള്ളത്. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്, വനം വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14-5-2013-ന്

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 2-9-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-8-2014, 13-8-2014 എന്നീ തീയതികളിലെ 31-ാമത്തെ യോഗത്തിൽ പ്രസ്തുത പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനുപകരം, മറ്റു മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളേക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യമെന്ന് പഠനത്തിൽ മനസ്സിലാകുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ച സ്ഥിതിക്ക് ഇനി ദേശീയ വന്യജീവി ബോർഡിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

276 (3788) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 20 വർഷമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാർ വനം വകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന 135 താൽക്കാലിക ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14-5-2015-ലെ സ.ഉ.(എം എസ്.) നം. 29/2015/വനം പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ യോഗ്യരായ 105 പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാർ

LIBRARY ARCHIVES Kerala Legislative Assembly